## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1975 — 22-01-2014-ൽ മറുപടിക്ക്.

### മദ്യത്തിന്റെ ഉപഭോഗം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. എ. മാധവൻ:<br>" എ. റ്റി. ജോർജ്:<br>" ഐ. സി. ബാലകൃഷ്ണൻ:<br>" പി. സി. വിഷ്ണുനാഥ്: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ)-യും, (ബി)-യും<br>സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ട്. 2011-12 കാലഘട്ടത്തിൽ, ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ മുൻവർഷത്തെ അപേക്ഷിച്ച് 11% കുറവ് വന്നിട്ടുണ്ട്. 2012-13 കാലഘട്ടത്തിൽ ഇത് 1%-മായി കുറഞ്ഞു. 2013-14-ൽ ഇതുവരെ -3% കുറവുണ്ടായിട്ടുണ്ട്. |
| (സി) പ്രസ്തുത നേട്ടങ്ങൾ കൈവരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനായി സർക്കാർ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് പുതുതായി വിദേശ മദ്യഷാപ്പുകളൊന്നും അനുവദിച്ചിട്ടില്ല. മുൻകാലത്ത് അനുവദിച്ച 12 വിദേശ മദ്യഷാപ്പുകൾ തുറക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. ബാറുകൾ അനുവദിക്കുന്നതിനുള്ള ഹോട്ടലുകളുടെ സ്റ്റാർ പദവി 3 സ്റ്റാറിൽ നിന്നും 4 സ്റ്റാറായി ഉയർത്തി നിശ്ചയിച്ചു. ബാറുകൾ തമ്മിലുള്ള ദൂരപരിധി നഗരപ്രദേശങ്ങളിൽ 1 കി.മീറ്ററും, ഗ്രാമപ്രദേശങ്ങളിൽ 3 കി.മീറ്ററുമാക്കി. ബാറുകളുടെ പ്രവർത്തി സമയത്തിൽ പ്രതിദിനം 3 മണിക്കൂർ കുറവ് വരുത്തി. മദ്യം വാങ്ങുന്നതിനും വില്ക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള പ്രായപരിധി 21 വയസ്സായി ഉയർത്തി. കൂടാതെ, സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള ആളുകൾക്കിടയിൽ ശക്തമായ ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ നടത്തി, മദ്യാസക്തിയിൽ നിന്നും അവരെ പിൻതിരിപ്പിച്ചു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. എൻ.എസ്.എസ്., എസ്.പി.സി., കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷൻ എന്നിവയുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. ഇതിന്റെയെല്ലാം ഫലമായി, മദ്യ ഉപഭോഗത്തിൽ കുറവു വരുത്താൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ